# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2395 | 08.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്കുസേവനനികുതി രജിസ്ട്രേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ചരക്കുസേവനനികുതി രജിസ്ട്രേഷൻ പൂർത്തിയാക്കിയ വ്യാപാരികളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം പേർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | ഉണ്ട്. 2017 മാർച്ച് മാസം ഒന്നാം തീയതി വരെയുള്ള കണക്കനുസരിച്ച് 1,54,647 വ്യാപാരികൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുവരെ 60.64% പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | രജിസ്ട്രേഷന് വിമുഖത കാണിക്കുന്ന വ്യാപാരികളുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | രജിസ്ട്രേഷൻ പൂർത്തിയാക്കിയവരുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്തിട്ടുണ്ടോ; | (സി) | ഉണ്ട്. ആകെ 34 സംസ്ഥാനങ്ങളിൽ (കേന്ദ്രഭരണ പ്രദേശങ്ങൾ ഉൾപ്പെടെ) രജിസ്ട്രേഷൻ പൂർത്തിയാക്കിയവരുടെ ശതമാനം കേരളത്തിനേക്കാൾ കുറവാണ്. ജി.എസ്.ടി.രജിസ്ട്രേഷൻ നടപടികൾ 2016 നവംബർ 8 നാണ് ആരംഭിച്ചത്. എന്നാൽ കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യാപാരികൾക്ക് ഇതിനുള്ള അവസരം 2017 ജനുവരി 1 മുതലാണ് ലഭ്യമാക്കിയത്. |
| (ഡി) | ജി.എസ്.ടി. രജിസ്ട്രേഷൻ സമ്പൂർണ്ണമാക്കിയ ആദ്യസംസ്ഥാനമെന്ന പദവി നേടിയെടുക്കുന്നതിന് സംസ്ഥാനം ലക്ഷ്യമിടുന്നുണ്ടോ; എങ്കിൽ രജിസ്ട്രേഷൻ പൂർത്തിയാ | (ഡി) | ഉണ്ട്. രജിസ്ട്രേഷൻ പൂർത്തിയാക്കാത്ത വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കി അതാത് ജില്ലാ ആഫീസുകളിലേക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ടി വ്യാപാരികളെ നേരിട്ട് ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | ക്കാത്ത വ്യാപാരികളെ മുഴുവൻ രജിസ്റ്റർ ചെയ്യിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് ബോധവൽക്കരണം ഉൾപ്പെടെയുള്ള നടപടികൾ എടുത്തു വരുന്നു. കൂടാതെ പത്രദ്വാരയും ആകാശവാണി മുഖേനയും ഇതു സംബന്ധിച്ച പരസ്യം ഉടനടി നൽകുന്നതാണ്. രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ച സമയത്ത് ഇപ്രകാരം പരസ്യം നൽകിയിരുന്നതിന് പുറമെയാണിത്. |

**സെക്ഷൻ ഓഫീസർ**